# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225</u> <u>19.12.2012 ൽ മറുപടിക്ക്</u>

## <u>പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. എ. ബേബി<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീമതി. കെ. കെ. ലതിക | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മുൻ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഈ സർക്കാർ എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ പി.എച്ച്.സികളുടെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളുടെ നിലവാരവും ഏകീകരിക്കുന്നതിനുവേണ്ടി കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (KASH) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പി.എച്ച്.സികളിലെ രോഗ നിർണ്ണയ സംവിധാനങ്ങൾ വിപുലപ്പെടുത്തുന്ന നടപടികളും നടന്നു വരുന്നു. |
| (ബി) പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; ഇത് നികത്തുന്നതിനും പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകുമോ; | (ബി) കേരളത്തിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫുകളുടെയും നിലവിലുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. ഡോക്ടർ -58<br>2. ഫാർമസിസ്റ്റ് – 25<br>3. ലാബ് ടെക്നീഷ്യൻ – 86<br>4. നഴ്സിംഗ് അസിസ്റ്റന്റ് - 78<br>5. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് -1 -158<br>6. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് -2 -115<br>ഡോക്ടർമാരുടെ ഒഴിവുകളെല്ലാം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പി.എസ്.സി. നിയമന ശുപാർശ നൽകിയിട്ടുള്ള ഡോക്ടർമാർക്ക് 19.12.2012 ൽ ആരോഗ്യ വകുപ്പിൽ കൗൺസിലിംഗ് മുഖേന നിയമനം നൽകി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഫാർമസിസ്റ്റിന്റെ എറണാകുളം ജില്ല ഒഴികെയുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സിയിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. എറണാകുളം ജില്ലയിൽ നിലവിലുള്ള ഒരൊഴിവ് ശൂന്യവേതനാവധിക്ക് ശേഷം നിയമനം നൽകുന്നതിനായി നീക്കിവച്ചിരിക്കുന്നു. ലാബ് ടെക്നീഷ്യൻ തസ്തികയിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താൽക്കാലിക സംവിധാനം എന്ന നിലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / ആർ.എസ്.ബി.വൈ / എൻ.ആർ.എച്ച്.എം മുഖേന ദിവസ വേതനം / കോൺട്രാക്ട് അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യൻമാരെ നിയമിച്ചിട്ടുണ്ട്. ഉദ്യോഗക്കയറ്റം വഴി നിയമിക്കേണ്ട തസ്തികകളിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള അവശ്യമരുന്നുകൾക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ചില മരുന്നുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്ത് വരുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ്. സർക്കാർ ആശുപത്രികളിൽ 2012 നവംബർ 1 മുതൽ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ സബ്സെന്ററുകളിൽ ആഴ്ചയിൽ ഒരിക്കൽ ക്ലിനിക് നടത്തി ഹൃദ്രോഗം, പ്രഷർ, ഡയബെറ്റിക്സ് എന്നീ രോഗങ്ങൾക്ക് മരുന്നുകൾ സൗജന്യമായി നല്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പി.എച്ച്.സികളെ സി.എച്ച്.സികളാക്കാൻ കഴിഞ്ഞിട്ടുണ്ട് ; എങ്കിൽ ഏതെല്ലാം ; വ്യക്തമാക്കുമോ? | (ഡി) | തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ പി.എച്ച്.സിയെ സി.എച്ച്.സിയായി ഉയർത്തിക്കൊണ്ട് സർക്കാർ 4.8.2012 ൽ ഉത്തരവിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ